പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 629 9/07/2014-ൽ മറുപടിക്ക്

# അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി<br>,,കോടിയേരി ബാലകൃഷ്ണൻ<br>,, എസ്. ശർമ്മ<br>,, എം. ഹംസ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) അതിരപ്പിള്ളി ജലവൈദ്യുത നിലയത്തിന്റെ പാരിസ്ഥിതികാനുമതി പുന:സ്ഥാപിക്കാൻ കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) ഉണ്ട്. |
| (ബി) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ പരിധിക്കുള്ളിൽ നിന്ന് പദ്ധതിക്ക് അനുമതി കിട്ടാൻ സാദ്ധ്യതയുണ്ടോ; വ്യക്തമാക്കുമോ; | (ബി) കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ട് , കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതിയ്ക്ക് അനുമതി ലഭിക്കാനിടയുണ്ട്. |
| (സി) ഇതുസംബന്ധിച്ച് ഏതെങ്കിലും കോടതികളിൽ കേസുകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (സി) പശ്ചിമഘട്ട മലനിരയുടെ സംരക്ഷണത്തിനായി നിയോഗിച്ച വിദഗ്ധ സമിതി (Western Ghats Ecology Expert Committee-WGEEP) സമർപ്പിച്ച റിപ്പോർട്ട് നടപ്പാക്കണമെന്നാവശ്യപ്പെട്ട് നാഷണൽ ഗ്രീൻട്രൈബ്യൂണൽ മുമ്പാകെ ഗോവ ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടനയും മറ്റും നൽകിയ ഹർജി 26/2012 നിലവിലുണ്ട്. കൂടാതെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് W P (C) No. 31022/2007, 30801/2007 എന്നീ കേസുകളും, ടെണ്ടർ നടപടിയുമായി ബന്ധപ്പെട്ട് W.A. 197/2008 എന്ന കേസും നിലവിലുണ്ട്. |

(...2)

| | |
|---|---|
| (ഡി) പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാടെന്താണ്; ഇതിൽ എന്തു തുടർ നടപടിയാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | പദ്ധതി നടപ്പാക്കാൻ സംസ്ഥാന സർക്കാർ മുൻകൈ എടുക്കുന്നതാണ്. കസ്തൂരിരംഗൻ സമിതിയുടെ ശുപാർശ പ്രകാരം പ്രസ്തുത പദ്ധതിയുടെ ജലലഭ്യത പരിശോധിച്ച് മിനിമം ഇക്കോളജിക്കൽ ഫ്ലോ നിലനിർത്തിക്കൊണ്ട് വൈദ്യുതി ഉൽപ്പാദനതോത് നിർണ്ണയിക്കുന്ന പ്രക്രിയ പുരോഗമിച്ചു വരുന്നു. പ്രസ്തുത റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുന്ന മുറയ്ക്ക് പാരിസ്ഥിതിക അനുമതി പുന:സ്ഥാപിച്ചു കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**